തീയതി: ഫെബ്രുവരി 20,2014

# വഴിതെറ്റിയ അനുകമ്പ

**അരുൺ ജെയ്റ്റ്ലി**
**പ്രതിപക്ഷ നേതാവ് (രാജ്യസഭ)**

കഴിഞ്ഞ ഏതാനും ദശകങ്ങളായി വധശിക്ഷ ഇല്ലാതാക്കാൻ വിവിധ രാജ്യങ്ങൾ പ്രവർത്തനം നടത്തിവരികയാണ്. ഒട്ടേറെ പ്രമുഖർ ഇന്ത്യയിലും അതിൽ പങ്കുചേരുന്നുണ്ട്. എന്നാൽ കഴിഞ്ഞ മൂന്നു ദശകങ്ങളായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഭീകരപ്രവർത്തന സംഭവങ്ങൾ അതിനെതിരേ ചിന്തിക്കാൻ എന്നെ പ്രേരിപ്പിക്കുന്നു. ഭീകരപ്രവർത്തനത്തിന്റെ ദുർഫലം ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിവന്ന ഒരു രാജ്യത്തിന് എങ്ങനെ ഈ വധശിക്ഷാ വിരുദ്ധരോടൊപ്പം നിൽക്കാനാവും. ഇന്ത്യയിൽ വർദ്ധിച്ചു വരുന്ന ഭീകരപ്രവർത്തനം ഒന്നുകൊണ്ടു മാത്രം ഇന്ത്യക്ക് ഈ വിരുദ്ധവാദക്കാരുടെ സംഘത്തിൽ ചേരാനാവില്ല. എന്തായാലും സുപ്രീം കോടതി ഒരു സംതുലിത നിലപാടിലൂടെ അപൂർവത്തിൽ അപൂർവ കേസെന്ന നിലയിൽ വധശിക്ഷ തന്നെ നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു.

അപൂർവതകളിലെ അപൂർവതയുള്ള കേസുകൾക്കുള്ള ശിക്ഷയായി വധശിക്ഷ നൽകുമ്പോൾത്തന്നെ, വധശിക്ഷ നടപ്പാക്കുന്നതിൽ അകാരണമായും വിശദീകരണമില്ലാത്തതുമായ കാലതാമസമുണ്ടായാൽ അത് വധശിക്ഷ ഇളവു ചെയ്യാൻ ഇടയാക്കുമെന്ന് അടുത്തിടെ സുപ്രീം കോടതി പറഞ്ഞിരുന്നു. കേന്ദ്ര ആഭ്യന്തര വകുപ്പിനു മുന്നിൽ വരുന്ന ദയാഹർജി തീർപ്പാക്കുന്നതിലെ കാലതാമസവും സംസ്ഥാന സർക്കാരുകൾ നിലപാടറിയിക്കുന്നതു വൈകുന്നതലും രാഷ്ട്രപതിഭവൻ തീരുമാനം എടുക്കുന്നതു വൈകുന്നതും ഈ കാലതാമസത്തിന് കാരണമായേക്കും. കാലതാമസത്തിന്റെ പേരിൽ വധിശിക്ഷ വിധിക്കപ്പെട്ട ഒട്ടേറെ പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഈ കാലതാമസത്തിനു കാരണക്കാരായി ചിലരുണ്ടാവും. രാജീവ് ഗാന്ധിയുടെ ഘാതകർക്കു പ്രഖ്യാപിക്കപ്പെട്ട ഇളവ് മനസാക്ഷിക്കു നിരക്കുന്നതല്ല. രാജ്യത്തിന്റെ മുൻ പ്രധാനമന്ത്രിയെ കൊലപ്പെടുത്തിയവർക്ക് കിട്ടുന്ന ഏതാനുകൂല്യങ്ങളും ഉൾക്കൊള്ളാൻ കഴിയാത്തതാണ്. അത്തരം നീചമായ കുറ്റകൃത്യം ചെയ്തവരെ രാഷ്ട്രീയ പ്രതീകങ്ങളായി കണക്കാക്കരുത്. അതു ദേശീയ സുരക്ഷയെ ബാധിക്കുന്നതാണ്. ഭീകരത രാഷ്ട്രത്തിനെതിരേയുള്ള കുറ്റകൃത്യമാണ്. അതിനു പരമാവധി ശിക്ഷ കിട്ടണം.

✲✲✲✲✲